# എന്റെ മലയാളം
# നല്ല മലയാളം

രാജശ്രീ

എച്ച് & സി ബുക്സ്

Malayalam Language
**ENTE MALAYALAM NALLA MALAYALAM**
Educational

**Rajasree**

Rights Reserved

First H&C Edition : December 2019

Cover : Vishnu S.S., Art N Colour
Typesetting : Art N Colour

Printed in India
at Ebenezer Printpack, Thrissur

Publishers
**H & C PUBLISHING HOUSE**
Thrissur - 680 001
Website : www.handcbooks.com
E-mail : handcbooks@gmail.com

Distributors
**H & C STORES**
Thiruvananthapuram, Kollam, Pathanamthitta, Kottayam,
Thiruvalla, Pala,Thodupuzha, Thrippunithura, Ernakulam,
Thrissur, Kunnamkulam, Palakkad, Kozhikode,
Kannur, Kanhangad, Bengaluru

No part of this publication may be reproduced or transmitted in any form or by any means, without prior written permission of the publisher

ISBN 978-93-89770-03-2
**₹120.00**
19095-1000-01-1219

# ആമുഖക്കുറിപ്പ്

പിറന്ന നാടും സ്വന്തം ഭാഷയും ഏതൊരു വ്യക്തിക്കും പെറ്റമ്മ യെപ്പോലെ പ്രിയപ്പെട്ടതാണ്. ലോകത്തിന്റെ ഏതു കോണിൽ പോയാലും ഗൃഹാതുരത്വമുണർത്തുന്ന ഓർമകളിൽ, കൊഞ്ചി പ്പറഞ്ഞ ഭാഷയുടെ മാധുര്യം തുളുമ്പിനിൽക്കും. മറ്റേതൊക്കെ ഭാഷ കൾ സ്വായത്തമാക്കിയാലും ഒരാൾ ചിന്തിക്കുന്നത് അവന്റെ മാതൃ ഭാഷയിലായിരിക്കും. കേരളഭൂമിയുടെ സ്വന്തം ഭാഷയായ മലയാളം, നമ്മുടെ മലയാളം പ്രയോഗിക്കുമ്പോൾ ആ ഭാഷ നമുക്ക് എത്ര മാത്രം വശമാണെന്ന് നാം ചിന്തിക്കാറുണ്ടോ? ആശയവിനിമയത്തി നുള്ള ഉപാധി എന്നതിലുപരി നമ്മുടെ ഭാഷയെക്കുറിച്ച് നമുക്ക് എന്തൊക്കെ അറിയാം? എഴുതുമ്പോൾ അക്ഷരത്തെറ്റുകൾ, പ്രയോ ഗത്തെറ്റുകൾ, വാക്യഘടനയിൽ പിശകുകൾ ഇങ്ങനെ നോക്കു മ്പോൾ നമ്മുടെ ഭാഷയെ നമുക്ക് അടുത്ത് അറിയാമെന്നു പറയു ന്നതിൽ യാതൊരു കഴമ്പും ഇല്ലെന്നു തോന്നുന്നില്ലേ?

മലയാളം ഉപയോഗിക്കുമ്പോൾ അവശ്യം അറിഞ്ഞിരിക്കേ ണ്ടതും വിദ്യാർഥികൾക്കും ഭാഷാസ്നേഹികൾക്കും പ്രയോജന പ്പെടുന്നതുമായ ചില കാര്യങ്ങളാണ് ‘എന്റെ മലയാളം നല്ല മല യാളം’ എന്ന പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നത്.

**രാജശ്രീ**

# ഉള്ളടക്കം


1. ശൈലികൾ 09

2. തെറ്റും ശരിയും 59

3. കത്തുകൾ 83

4. ഉപന്യാസം 93

5. അവധാരണം 102

6. അന്വാഖ്യാന സംഭാഷണം 108

7. ഒറ്റപ്പദം 112

# ശൈലികൾ

'കുറഞ്ഞ വാക്കുകളിൽ കൂടുതൽ ആശയം' – അതാണ് ശൈലി. ഒരുവന്റെ ഉള്ളിലുള്ള ആശയം മറ്റൊരാളോട് പറയുമ്പോൾ അത് ലളിതഭാഷയിൽ, കുറച്ചു വാക്കുകൾ ഉപയോഗിച്ച് പറയുന്നതാവും നല്ലത്. അങ്ങനെയാവുമ്പോൾ ഭാഷയ്ക്ക് ശക്തി കൈവരുന്നു. ഇവിടെയാണ് ശൈലികൾ അനിവാര്യമാകുന്നത്. പൂർവികർ വാമൊഴിയിലൂടെ പറഞ്ഞ പലതും ശൈലികളായി നാം ഇന്ന് പ്രയോഗിക്കുന്നു. നമ്മുടെ ദൈനംദിനഭാഷയിൽ ധാരാളം ശൈലികൾ കടന്നുവരാറുണ്ട്. അത് നാം ശ്രദ്ധിക്കാറില്ലെന്നു മാത്രം. സംസാരഭാഷയുമായി അത്രയേറെ ഇണങ്ങിച്ചേർന്നതാണ് ശൈലി.

ഭാഷാപഠനത്തിലും ശൈലികൾക്ക് ഇന്ന് വളരെ പ്രാധാന്യമുണ്ട്. പാഠപുസ്തകങ്ങളിൽ സാധാരണ കാണുന്നവയും കുട്ടികൾ അറിഞ്ഞിരിക്കേണ്ടവയുമായ ശൈലികളും അവയുടെ അർഥവും വാക്യപ്രയോഗവുമാണ് ഇവിടെ ഉൾച്ചേർത്തിരിക്കുന്നത്. വിദ്യാർഥികൾക്കും ഭാഷയെ അടുത്തറിയാൻ ശ്രമിക്കുന്നവർക്കും ഇത് ഉപകരിക്കുമെന്ന് വിശ്വസിക്കുന്നു.

1. **അക്കരപ്പച്ച** – അകലെയുള്ളതിനെക്കുറിച്ചുള്ള ഭ്രമം
അക്കരപ്പച്ചകണ്ട് അന്യദേശങ്ങളിലേക്ക് കുടിയേറുന്ന ആധുനികതലമുറയ്ക്ക് നഷ്ടമാവുന്നത് സ്വന്തം സംസ്കാരംതന്നെയാണ്.

2. **അക്കിടി പറ്റുക** – അമളി സംഭവിക്കുക
ജീവിതത്തിൽ ഒരിക്കൽ അക്കിടി പറ്റിയാൽ കൂടുതൽ ശ്രദ്ധാലുവാകുക എന്നത് മനുഷ്യസ്വഭാവമാണ്.

3. **അങ്ങാടിയിൽ തോറ്റതിന് അമ്മയോട്** – അന്യരോട് സാധിക്കാത്തത് സ്വന്തം ആളുകളോട്
ഓഫീസിൽ ആരോടെങ്കിലും വഴക്കുണ്ടാക്കിവരുന്ന ഭർത്താക്കന്മാർ വീട്ടിലെത്തിക്കഴിഞ്ഞാൽ ഭാര്യമാരോട് പെരുമാറുന്നത് അങ്ങാടിയിൽ തോറ്റതിന് അമ്മയോട് എന്ന രീതിക്കാണ്.

4. **അങ്കവും കാണാം താളിയുമൊടിക്കാം** – രണ്ടു കാര്യം ഒരുമിച്ചു സാധിക്കുക
കേരളത്തിൽ കച്ചവടത്തിനായി എത്തിയ വിദേശികൾ അങ്കവും കാണാം താളിയുമൊടിക്കാം എന്ന മട്ടിൽ ഇവിടെ സ്വാധീനമുറപ്പിക്കുകയായിരുന്നു.

5. **അച്ഛൻ ഇച്ഛിച്ചതും വൈദ്യൻ കല്പിച്ചതും പാല്** – രണ്ടുപേരുടെയും ഇഷ്ടം ഒന്നാവുക
ടീച്ചറാകാൻ ആഗ്രഹിച്ച മകളെ പിതാവ് ബി.എഡിനയച്ചത് അച്ഛൻ ഇച്ഛിച്ചതും വൈദ്യൻ കല്പിച്ചതും പാല് എന്നപോലെയായിരുന്നു.

6. **അജഗജാന്തരം** – വലിയ വ്യത്യാസം (ആനയും ആടും പോലെയുള്ള വ്യത്യാസം)
മുതലാളിയായ രാമുവും അറുപിശുക്കനായ രാജുവും തമ്മിൽ സമ്പത്തിൽ അജഗജാന്തരമുണ്ടെങ്കിലും സ്വഭാവത്തിൽ തുല്യരാണ്.

7. **അജഗളസ്തനം** – അസ്ഥാനത്തുള്ളതിനാൽ അനാവശ്യമായത്
മലയാളഭാഷയിൽ ചില ശൈലികൾ അജഗളസ്തനങ്ങളായി നിൽക്കുന്നു.

8. **അടക്കവും ഒതുക്കവും** – വിനയവും ക്ഷമയും
വിദ്യാർഥികൾ അടക്കവും ഒതുക്കവുമുള്ളവരായി വളരണം.

9. **അടവു പിഴയ്ക്കുക** – തന്ത്രം തെറ്റുക
അടവു പിഴച്ചാൽ അതും വിദ്യയാക്കുന്ന ചില മിടുക്കന്മാരുണ്ട്.

10. **അടിക്കല്ലു മാന്തുക** – അസ്തിവാരം തകർക്കുക
നമ്മുടെ സംസ്കാരത്തിന്റെ അടിക്കല്ലു മാന്തുന്ന പരിപാടികൾ ചില ചാനലുകൾ സംപ്രേഷണം ചെയ്യാറുണ്ട്.

11. **അടിച്ചിറക്കുക** – ബലം പ്രയോഗിച്ച് പുറത്താക്കുക
മോഷണം കൈയോടെ പിടിച്ചപ്പോൾ വേലക്കരനെ വീട്ടിൽ നിന്ന് അടിച്ചിറക്കി.

12. **അടിതെറ്റുക** – അടിസ്ഥാനം തെറ്റുക
എത്ര വലിയ അഭ്യാസിക്കും അടിതെറ്റിയാൽ അടിയറവു പറയേണ്ടി വരും.

13. **അടിതൊട്ടു മുടിവരെ** – മുഴുവനും
നമ്മുടെ രാഷ്ട്രീയരംഗം അടിതൊട്ടു മുടിവരെ അഴിമതി നിറഞ്ഞതാണെന്ന് പറയാൻ പുനരാലോചനയുടെ ആവശ്യമില്ല.

14. **അടിപ്പലക കാണുക** – അവസാനം കാണുക
ക്ഷമയുടെ അടിപ്പലക കണ്ടതിനുശേഷമാണ് അരുൺ ബിനുവിനെ തല്ലിയത്.

15. **അടിയറവു പറയുക** – തോറ്റതായി സമ്മതിക്കുക
ബ്രിട്ടീഷുകാരോട് ഒരിക്കലും അടിയറവു പറയാത്ത കുറെ രാജ്യസ്നേഹികളാണ് നമ്മുടെ സ്വാതന്ത്ര്യത്തിനു പിന്നിൽ.

16. **അടിയോടെ** – മുഴുവനും
യുദ്ധങ്ങൾ രാജ്യത്തെ അടിയോടെ തകർക്കുമെന്ന കാര്യത്തിൽ സംശയമില്ല.

17. **അടിക്കടി** – കൂടെക്കൂടെ
അടിക്കടിയുണ്ടാകുന്ന അസുഖങ്ങൾ അവന്റെ മനോനില തന്നെ തകർത്തുകളഞ്ഞു.

18. **അടുക്കളക്കലഹം** – സ്ത്രീകൾ തമ്മിലുള്ള വഴക്ക്
അടുക്കളക്കലഹങ്ങളിൽ ഭർത്താക്കന്മാർ ഇടപെടാതിരിക്കുന്നതാണ് നല്ലത്.

19. **അടുക്കളക്കാര്യം** – വീട്ടുകാര്യം
മറ്റുള്ളവരുടെ അടുക്കളക്കാര്യത്തിൽ അവർ ആവശ്യപ്പെടാതെ ഇടപെടുന്നത് ശരിയല്ല.

20. **അടുത്തുകൂടുക** - സേവകൂടുക
സ്വാർഥതാത്പര്യങ്ങൾക്കായി അടുത്തുകൂടുന്നവരെ തിരിച്ചറിയാനുള്ള വിവേകം ഭരണാധികാരികൾക്ക് ഉണ്ടായിരിക്കണം.

21. **അട്ടയെ പിടിച്ചു മെത്തയിൽ കിടത്തുക** - നീചന്മാരെ ഉന്നത സ്ഥാനത്ത് അവരോധിക്കുക
വിദ്യാഭ്യാസവും സംസ്കാരവുമില്ലാത്തവർക്ക് അധികാരങ്ങൾ നല്കുന്നത് അട്ടയെ പിടിച്ചു മെത്തയിൽ കിടത്തുന്നതിന് തുല്യമാണ്.

22. **അണ്ടി കളഞ്ഞ അണ്ണാൻ** - കൈയിലുള്ളത് നഷ്ടപ്പെടുത്തി ഇളിഭ്യനായി നിൽക്കുന്നവൻ
നാട്ടിലെ ജോലി കളഞ്ഞ് അന്യനാട്ടിലേക്കു പോകുന്ന പലരും അണ്ടി കളഞ്ഞ അണ്ണാനെപ്പോലെ തിരിച്ചുവരുന്ന കാഴ്ച പതിവാണ്.

23. **അണയിടുക** - തടഞ്ഞുനിർത്തുക
ഇരച്ചുവരുന്ന ജനരോഷത്തെ അണയിടാൻ കഴിയുന്ന നേതാക്കൾ ഇന്നില്ലെന്നുതന്നെ പറയാം.

24. **അണ്ണാറക്കണ്ണനും തന്നാലായത്** - നിസ്സാരനും ശക്തിക്കൊത്ത് പ്രവർത്തിക്കുക
കുട്ടികളുടെ സമ്പാദ്യശീലം ചിലപ്പോൾ കുടുംബകാര്യങ്ങളിൽ അണ്ണാറക്കണ്ണനും തന്നാലായത് എന്ന രീതിയിൽ സഹായകരമാകാറുണ്ട്.

25. **അന്തിയാകുമ്പോൾ കുടമിട്ടുടയ്ക്കുക** - അവസാനംവരെ കഠിനമായി അധ്വാനിച്ചശേഷം അതിനെ നിഷ്പ്രയോജനമാക്കുക
ചെറുപ്പത്തിൽ നല്ലരീതിയിൽ പഠിക്കുന്ന ചില കുട്ടികൾ പത്താം ക്ലാസ്സിലെത്തുമ്പോൾ അന്തിയാകുമ്പോൾ കുടമിട്ടുടയ്ക്കുന്ന രീതി കാണിക്കാറുണ്ട്.

26 **അന്യംനിൽക്കുക** - അവകാശി ഇല്ലാതാവുക
കുടുംബം അന്യംനിന്നുപോകാതിരിക്കുവാൻ ദത്തെടുക്കുന്ന രീതി പണ്ടത്തെ രാജകുടുംബങ്ങൾ സ്വീകരിച്ചിരുന്നു.

27. **അപ്പം തിന്നാൽപ്പോരേ കുഴി എണ്ണണോ** - ആവശ്യത്തിനപ്പുറം കടന്ന് അന്വേഷിക്കണോ

നമുക്ക് ആവശ്യമുള്ള ഒരു വസ്തു മറ്റൊരാൾ തരുമ്പോൾ അതിന്റെ ഉറവിടത്തെക്കുറിച്ച് അന്വേഷിക്കുന്നത് അപ്പം തിന്നാൽപ്പോരേ കുഴി എണ്ണണോ എന്നപോലെയാണ്.

28. **അബദ്ധപ്പഞ്ചാംഗം** – മുഴുവൻ അബദ്ധം
ചില രാഷ്ട്രീയക്കാരുടെ പ്രസ്താവനകൾ അബദ്ധപ്പഞ്ചാംഗമാകാറുണ്ട്.

29. **അമിതമായാൽ അമൃതും വിഷം** – ക്രമം വിട്ടാൽ നല്ലതും ദോഷം ചെയ്യും
കുട്ടികളുടെമേൽ കൂടുതൽ നിയന്ത്രണമേർപ്പെടുത്തുന്ന മാതാപിതാക്കൾ അമിതമായാൽ അമൃതും വിഷമാണെന്ന് ഓർക്കുന്നത് നല്ലതാണ്.

30. **അമ്പലംവിഴുങ്ങി** – മുഴുവൻ കൊള്ളയടിക്കുന്നവൻ
ഇന്നത്തെ ജനസേവകരിൽ ചിലരെങ്കിലും അമ്പലംവിഴുങ്ങികളാണ്.

31. **അമ്മാനമാടുക** – മാറ്റിമറിച്ച് ഉപയോഗിച്ച് രസിക്കുക
വാക്കുകൾകൊണ്ട് അമ്മാനമാടി സാഹിത്യസൃഷ്ടി നടത്തിയ എഴുത്തുകാരനായിരുന്നു ബഷീർ.

32. **അരക്കച്ച മുറുക്കുക** – തയ്യാറാകുക
ഏതു പ്രതിസന്ധിയിലും അരക്കച്ച മുറുക്കി ഇറങ്ങുന്നവർ മിക്കപ്പോഴും വിജയത്തിന്റെ പാതയിലായിരിക്കും.

33. **അരക്കൈനോക്കുക** – പരീക്ഷിച്ചുനോക്കുക
എന്തു കാര്യവും അരക്കൈനോക്കാൻ മനസ്സുള്ളവരാണ് വിജയം നേടുക.

34. **അരങ്ങത്തിറങ്ങുക** – പ്രത്യക്ഷപ്പെടുക
ഇലക്ഷൻ കാലത്തു മാത്രം അരങ്ങത്തിറങ്ങുന്ന ജനപ്രതിനിധികൾ നാടിനു ശാപമാണ്.

35. **അരണബുദ്ധി** – പെട്ടെന്നു മറക്കുന്ന സ്വഭാവം
അരണബുദ്ധിയുള്ള വിദ്യാർഥികൾ പഠനത്തിൽ പിന്നോക്കമാവുക പതിവാണ്.

36. **അരമനരഹസ്യം അങ്ങാടിപ്പാട്ട്** – വലിയവരുടെ രഹസ്യം പരസ്യമാണ്
ഇക്കാലത്ത് ഉന്നതന്മാർ അഴിമതികൾ നടത്തുമ്പോൾ അരമനരഹസ്യം അങ്ങാടിപ്പാട്ടാകുമെന്ന് ഓർക്കുന്നത് നന്നായിരിക്കും.

37. **അരയും തലയും മുറുക്കുക** – തയ്യാറായി പുറപ്പെടുക
കേരളത്തിലെ രാഷ്ട്രീയരംഗം അഴിമതിരഹിതമാക്കാൻ യുവജനങ്ങൾ അരയും തലയും മുറുക്കി ഇറങ്ങിയാലേ രക്ഷയുള്ളൂ.

38. **അരിയും തിന്ന് ആശാരിച്ചിയേയും കടിച്ചു, എന്നിട്ടും നായയ്ക്ക് മുറുമുറുപ്പ്** – വേണ്ടതിലധികം ഉപദ്രവിച്ചിട്ടും മതിയാവാതെ പിന്നെയും ഉപദ്രവിക്കുക
അരിയും തിന്ന് ആശാരിച്ചിയേയും കടിച്ചു, എന്നിട്ടും നായയ്ക്ക് മുറുമുറുപ്പെന്നു പറഞ്ഞതുപോലെയായിരുന്നു ദുര്യോധനൻ വനവാസം കഴിഞ്ഞുവന്ന പാണ്ഡവരോടു പെരുമാറിയിരുന്നത്.

39. **അരിയെത്ര പയറഞ്ഞാഴി** – ഉചിതമല്ലാത്ത ഉത്തരം
ക്ലാസ്സിൽ സ്വപ്നം കണ്ടിരുന്ന കുട്ടിയോട് ചോദ്യം ചോദിച്ചപ്പോൾ ഉത്തരം പറഞ്ഞത് അരിയെത്ര പയറഞ്ഞാഴി എന്ന രീതിയിലാണ്.

40. **അല്പന് അർഥം കിട്ടിയാൽ അർധരാത്രിക്കും കുട പിടിക്കും** – അസ്ഥാനത്ത് ആഡംബരം കാണിക്കുക
ചില പുതുപ്പണക്കാർ പെരുമാറുന്നത് അല്പന് അർഥം കിട്ടിയാൽ അർധരാത്രിക്ക് കുട പിടിക്കുന്നതുപോലെയാണ്.

41. **അറുതിവരുത്തുക** – നശിപ്പിക്കുക
എലികളെ അറുതിവരുത്താൻ വീട്ടിൽ പൂച്ചയെ വളർത്തുന്നത് നല്ലതാണ്.

42. **അറുത്ത കൈയ്ക്ക് ഉപ്പു തേക്കാത്തവൻ** – അറുപിശുക്കൻ
വലിയ ധനികനാണെങ്കിലും അറുത്ത കൈയ്ക്ക് ഉപ്പുതേക്കാത്തവനായതിനാൽ ആളുകൾക്ക് അയാളെ തീരെ ഇഷ്ടമായിരുന്നില്ല.

43. **അറുത്തുമുറിച്ചു പറയുക** – തീർത്തു പറയുക
നേഴ്സിംഗിനു പോകാൻ തനിക്ക് ഇഷ്ടമില്ലെന്ന് അച്ഛനമ്മമാരോട് അനു അറുത്തുമുറിച്ചു പറഞ്ഞു.

44. **അറുപതാം കാലം** – വാർധക്യം
പൗലോസുചേട്ടൻ വിവാഹിതനായത് അറുപതാം കാലത്താണെന്നു പറഞ്ഞ് അയൽക്കാർ അയാളെ കളിയാക്കി.

45. **അറ്റകൈ** – അങ്ങേയറ്റത്തെ പ്രവൃത്തി
കുറ്റവാളികളെ സത്യംപറയിക്കാൻ ചിലപ്പോൾ പോലീസ് അറ്റകൈ പ്രയോഗങ്ങൾ നടത്താറുണ്ട്.

46. **അലങ്കോലപ്പെടുത്തുക** – നാനാവിധമാക്കുക
ഡാൻസ് പരിപാടി ഇഷ്ടപ്പെട്ടില്ലെന്നു പറഞ്ഞ് ഒരുകൂട്ടം ആളുകൾ യുവജനോത്സവവേദിയാകെ അലങ്കോലപ്പെടുത്തി.

47. **അലകും പിടിയും മാറ്റുക** – മുഴുവൻ മാറ്റുക, ഉടച്ചുവാർക്കുക
ആധുനികവിദ്യാഭ്യാസത്തിന്റെ ഇടയ്ക്കിടയ്ക്കുള്ള അലകും പിടിയും മാറ്റൽ വിദ്യാർഥികളെ കുറച്ചൊന്നുമല്ല വിഷമിപ്പിക്കുന്നത്.

48. **അലമുറയിടുക** – നിലവിളിക്കുക
വിദ്യാഭ്യാസം തൊഴിലധിഷ്ഠിതമാക്കണമെന്ന് അലമുറയിടുന്നുണ്ടെങ്കിലും അത് ഫലവത്താകുന്ന ലക്ഷണമൊന്നുമില്ല.

49. **അലസിപ്പിരിയുക** – തമ്മിൽ യോജിക്കാതെ പിരിയുക
കമ്പനിയിലെ തൊഴിൽതർക്കം പരിഹരിക്കാൻ ലേബർ ഓഫീസർ വിളിച്ചുചേർത്ത യോഗം  അലസിപിരിഞ്ഞു.

50. **അല്ലലുള്ള പുലയിയേ ചുള്ളിയുള്ള കാടറിയൂ** – കഷ്ടതയനുഭവിക്കുന്നവരേ പരിശ്രമിക്കൂ
സമ്പന്നകുടുംബങ്ങളിലെ ചില കുട്ടികളുടെ രീതി കണ്ടാൽ അല്ലലുള്ള പുലയിയേ ചുള്ളിയുള്ള കാടറിയൂ എന്നു പറയാൻ തോന്നും.

51. **അവതാളത്തിലാവുക** – അബദ്ധത്തിൽ കലാശിക്കുക
ആലോചനാരഹിതമായ പ്രവൃത്തി ആരേയും അവതാളത്തിലാക്കും.

52. **അവത പറയുക** – സങ്കടം പറയുക
എത്ര സുഖത്തിൽ ജീവിച്ചാലും അന്യരോട് അവത പറയുക ചിലരുടെ ശീലമാണ്.

53. **അവനവന്റെ പല്ലിട കുത്തി അന്യനു മണപ്പിക്കാൻ കൊടുക്കുക** – സ്വന്തം കുറ്റം അന്യനെ അറിയിക്കുക
കുടുംബകാര്യങ്ങൾ മറ്റുള്ളവരുമായി ചർച്ചചെയ്യുന്നത് അവനവന്റെ പല്ലിട കുത്തി അന്യനു മണപ്പിക്കാൻ കൊടുക്കുന്നതുപോലെയാവരുത്.